**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275** **04-08-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നേഴ്സ് എന്നീ തസ്തികകൾ നിലവിൽ ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഈ തസ്തികകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ദേശീയ കുടുംബാരോഗ്യ പദ്ധതികളുടെ ഭാഗമായി സൃഷ്ടിച്ച തസ്തികകളാണ് പബ്ലിക് ഹെൽത്ത് നഴ്സ് വിഭാഗം. ടി തസ്തികകളിലേക്കുള്ള ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കപ്പെടുന്നതും കേന്ദ്ര സർക്കാർ ഗ്രാൻഡ് ഇൻ-എയിഡിലൂടെയാണ്. 25/05/2012ൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.05.2012ൽ ഈ വിഭാഗത്തിൽ ഉള്ള തസ്തികകളുടെ എണ്ണം അതേപടി നിലനിർത്തുന്നതിനും ടി പദ്ധതിയുടെ കീഴിലുള്ള സ്ഥാപനങ്ങളോ തസ്തികകളോ കേന്ദ്ര സർക്കാരിന്റെ അനുമതി കൂടാതെ വർദ്ധിപ്പിക്കുവാൻ പാടില്ല എന്നു നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ പ്രൊമോഷൻ തസ്തികകളാണ്. ഇതിലുണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ നടത്തി നികത്താറുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കേരള സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തി മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്കായി നൽകുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തിരഞ്ഞെടുക്കുകയും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരികയുമാണ്. നിലവിൽ ഭൗതിക സാഹചര്യങ്ങൾ ഉയർത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിൽ രാവിലെ 09 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി സേവനവും ഒബ്സർവേഷൻ സൗകര്യവും,ലാബ് സേവനങ്ങളും നൽകി വരുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് പ്രാഥമികാരോഗ്യ രംഗത്തെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ